**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1131 — 12/07/2016-ൽ മറുപടിയ്ക്ക്

## പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ

**ചോദ്യം** — **ഉത്തരം**

**ശ്രീ. പി.ടി.എ. റഹീം**

**ശ്രീ. കെ.ടി. ജലീൽ**
**(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | ക്രമ നമ്പർ | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിനുള്ള കാരണം വ്യക്തമാക്കാമോ? | (എ) | 180 ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു.<br><br>പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന 2010, 2014 വർഷങ്ങളിലെ സീനിയോറിറ്റി ലിസ്റ്റുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹു. ഹൈക്കോടതിയും റദ്ദാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ബഹു. സുപ്രീംകോടതി മുമ്പാകെയുള്ള എസ്.എൽ.പി.കളിൽ 13.05.2016 തീയതിയിലെ ഉത്തരവിൻപ്രകാരം തൽസ്ഥിതി തുടരുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

Aja MP

**സെക്ഷൻ ഓഫീസർ**